# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3715

### 21-06-2018 ൽ മറുപടിക്ക്

### സഞ്ചിത നിധിയിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് കിഫ്ബി തുക

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ സ്വരൂപിക്കുന്ന ഏതെങ്കിലും തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് കിഫ്ബി നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ നിയമത്തിൽ ഏതെല്ലാം വകുപ്പിലാണ് ഇത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | ഇല്ല |
| (ബി) കിഫ്ബിയുടെ അക്കൗണ്ടിലുണ്ടായിരുന്ന തുക 14.12.17 ലെ ജി.ഒ(പി) നം:156/2017/ധന. ഉത്തരവ് പ്രകാരം സഞ്ചിത നിധിയിലേയ്ക്ക് തിരിച്ച് പിടിച്ചത് കിഫ്ബി നിയമത്തിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമാണോ; അല്ലെങ്കിൽ ഈ വ്യവസ്ഥകൾ ലംഘിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ; | പ്രസ്തുത തുക സഞ്ചിത നിധിയിലേയ്ക്ക് മുതൽക്കൂട്ടുന്നതിനോ മുതൽക്കൂട്ടുന്നത് തടയുന്നതിനോ നിലവിലെ കിഫ്ബി നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ ടി. നിയമത്തിലെ 14- ാം വകുപ്പ് പ്രകാരം സർക്കാരിന്റെ നയപരമായ തീരുമാനങ്ങളും പ്രത്യേകമായതോ പൊതുവായതോ ആയ നിർദ്ദേശങ്ങളും പാലിക്കാൻ കിഫ്ബി ബാധ്യസ്ഥമാണ്. ഇപ്രകാരം, വിവിധ വകുപ്പുകളും സർക്കാർ അംഗീകൃത പൊതുമേഖലാസ്ഥാപനങ്ങളും കേരള സർക്കാരിനു കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങളും 2016-17 സാമ്പത്തിക വർഷം സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടുകളിൽ ഭീമമായ തുക സൂക്ഷിച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയത് 14.12.2017 ലെ സ.ഉ.(അച്ചടി) നം.156/2017/ ധന ഉത്തരവ് പ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് വകയിരുത്താനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ |

| | |
|---|---|
| | കിഫ്ബിയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുക സഞ്ചിതനിധിയിലേക്ക് മുതൽക്കൂട്ടുകയുണ്ടായി. സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്ന ഈ നടപടി ക്രമവിരുദ്ധമായി കണക്കാക്കാവുന്നതല്ല. |
| (സി) ഇപ്രകാരം തിരിച്ചുപിടിച്ച തുക തിരികെ കിഫ്ബിയ്ക്ക് നൽകിയത് ഏത് സാഹചര്യത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | പ്രസ്തുത തുക കിഫ്ബിയുടെ ദൈനംദിനവും ഭരണപരവുമായ നടത്തിപ്പിന് ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിയ ഉടൻ തന്നെ 14.12.2017 ലെ ഉത്തരവിൻ പ്രകാരം സഞ്ചിതനിധിയിലേക്ക് തിരിച്ചുപിടിച്ച. കിഫ്ബിയുടെ ട്രഷറി നിക്ഷേപം മുഴുവനും സർക്കാർ പുന:സ്ഥാപിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ